"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിഎംഎവൈ (നഗരം)-ലൈഫ് പദ്ധതിയുടെ അഫോർഡബിൾ ഹൗസിംഗ് ഇൻ പാർട്ടണഷിപ്പ് (AHP) ഘടകത്തിൽ 5 നഗരസഭകൾക്കും ഗ്രേറ്റർ കൊച്ചിൻ ഡവലപ്മെൻറ് അതോറിറ്റിയിലും (GCDA) ഭൂരഹിത ഭവനരഹിതർക്കായുള്ള ഭവന സമുച്ചയത്തിന് അനുവദിച്ച കോർപ്പറേഷൻ/നഗരസഭകൾക്കായുള്ള കേന്ദ്ര വിഹിതം ആദ്യ ഗഡു 244.80 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1392/2023/LSGD തീയതി,തിരുവനന്തപുരം, 07-07-2023

---

പരാമർശം:- എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീയുടെ 01.07.2023 ലെ 10810 /എൻ/2017/കെ.എസ്.എച്ച് ഒ-പാർട്ട്(2) നമ്പർ കത്ത്.

**ഉത്തരവ്**

നഗരസഭകൾക്കും ഗ്രേറ്റർ കൊച്ചിൻ ഡവലപ്മെൻറ് അതോറിറ്റിയിലും (GCDA) ഭൂരഹിത ഭവനരഹിതർക്കായുള്ള ഭവന സമുച്ചയത്തിന് പിഎംഎവൈ (നഗരം)-ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അഫോർഡബിൾ ഹൗസിംഗ് ഇൻ പാർട്ടണഷിപ്പ് (AHP) ഘടകത്തിൽ 1455 ലക്ഷം രൂപയുടെ കേന്ദ്ര അംഗീകാരം ലഭിച്ചിരുന്നു. 5 നഗരസഭകളിലെ AHP പദ്ധതിയ്ക്കും GCDA യുടെ കീഴിൽ വരുന്ന ഒരു പദ്ധതിക്കുമായി ജനറൽ, എസ്.സി, എസ്.റ്റി വിഭാഗത്തിന് ഒന്നാം ഗഡുവായി (40%) 244.80 ലക്ഷം രൂപ (223.20+19.80+1.80) കേന്ദ്ര വിഹിതം ലഭിച്ചതായും പ്രസ്തുത തുക നഗരകാര്യ വകുപ്പ് മുഖാന്തിരം അർബൻ ഹൗസിംഗ് മിഷന് (കുടുംബശ്രീ) അനുവദിച്ച നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശ പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിഎംഎവൈ (നഗരം)-ലൈഫ് പദ്ധതിയുടെ അഫോർഡബിൾ ഹൗസിംഗ് ഇൻ പാർട്ടണഷിപ്പ് (AHP) ഘടകത്തിൽ 5 നഗരസഭകൾക്കും ഗ്രേറ്റർ കൊച്ചിൻ ഡവലപ്മെൻറ് അതോറിറ്റിയിലും (GCDA) ഭൂരഹിത ഭവനരഹിതർക്കായുള്ള ഭവന സമുച്ചയത്തിന് അനുവദിച്ച കോർപ്പറേഷൻ/നഗരസഭകൾക്കായുള്ള കേന്ദ്ര വിഹിതം ആദ്യ ഗഡു 244.80 ലക്ഷം രൂപ (രണ്ട് കോടി നാൽപ്പത്തിനാല് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) നഗരകാര്യ വകുപ്പ് മുഖാന്തരം കുടുംബശ്രീ അർബൻ ഹൗസിംഗ് മിഷന്റെ SNA അക്കൗണ്ടിൽ താഴെ പറയും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഘടകം | അക്കൗണ്ട്സ് ശീർഷക | അനുവദിച്ച കേന്ദ്ര വിഹിതം | ആകെ ലഭ്യമാക്കുന്ന കേന്ദ്ര വിഹിതം |
|---|---|---|---|
| SC കോർപ്പറേഷൻ | 2217-05-191-48-(18) | 6.60 | 6.60 |
| SC മുൻസിപാലിറ്റി | 2217-05-192-48-(17) | 13.20 | 13.20 |
| ST മുൻസിപാലിറ്റി | | 1.80 | 1.80 |

| | | | |
|---|---|---|---|
| | 2217-05-192-48-(19) | | |
| General<br>കോർപ്പറേഷൻ | 2217-05-191-48-(16) | 46.20 | 46.20 |
| General<br>മുൻസിപാലിറ്റി | 2217-05-192-48-(15) | 177 | 177 |
| **ആകെ** | | **244.80** | **244.80** |

**(തുക ലക്ഷത്തിൽ )**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 07-07-2023 14:33:50
സെക്ഷൻ ഓഫീസർ